LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ നിയമവിരുദ്ധപ്രവർത്തനം

115 [118] ശ്രീ. സ്റ്റീഫൻ ജോർജ്:

,, ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ജയിൽ തടവുകാരോട് പക്ഷപാതപരമായി ഇടപെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജയിലുകളിൽ ജീവനക്കാരുടേയും തടവുകാരുടേയും ഇടയിൽ അച്ചടക്കം സ്ഥാപിക്കുന്നതിനായി ജയിലുദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജയിലിൽ തടവുകാരോട് പക്ഷപാതപരമായി ഇടപെടാറില്ല.

വരൾച്ചയുടെ ഫലമായി കൃഷിനാശവും കുടിവെള്ളക്ഷാമവും ഉണ്ടാകുന്നതിന് ശാശ്വത പരിഹാരം

116 [119] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, ഇ. റ്റി. മുഹമ്മദ് ബഷീർ:

,, സി. മോയിൻകുട്ടി:

,, ഇസ്ഹാക്ക് കുരിക്കൾ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൊടും വരൾച്ചയുടെ ഫലമായി കൃഷിനാശവും കുടിവെള്ളക്ഷാമവും ഉണ്ടാകുന്നതിന് ശാശ്വത പരിഹാരം കാണുന്നതിനായി സംസ്ഥാനത്തെ നദീജല സമ്പത്ത് അയൽ സംസ്ഥാനങ്ങൾക്ക് നൽകുന്നത് നിയന്ത്രിക്കാൻ നിലവിലുള്ള കരാറുകൾ റദ്ദാക്കുന്നതിനോ പുതുക്കി നിശ്ചയിക്കുന്നതിനോ സർക്കാർ ആലോചിക്കുന്നുണ്ടോ;